ഉത്തരം

(എ) എരഞ്ഞിക്കൽ അമ്പലപടി-ചെറുകുളം റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല.

(ബി) ആന്റ് (സി) ബാധകമല്ല.

ആലപ്പാട് പഞ്ചായത്തിലെ റോഡിന്റെ പുനർനിർമ്മാണം

53 [3579] *ശ്രീ. എ. എൻ. രാജൻ ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ബാധിത പ്രദേശമായ ആലപ്പാട് പഞ്ചായത്തിനെ ബന്ധിപ്പിക്കുന്ന ഏക റോഡ് പി. ഡബ്ല്യു. ഡി. ഏറ്റെടുക്കുന്നതിനുള്ള നടപടി ഏതു ഘട്ടം വരെയായി എന്നു വ്യക്തമാക്കുമോ;

(ബി) കാൽനടക്കാർക്കുപോലും സഞ്ചാരയോഗ്യമല്ലാത്ത പ്രസ്തുത റോഡിലൂടെ മാത്രമേ ആലപ്പാട് പഞ്ചായത്തിന്റെ പുനരുദ്ധാരണത്തിനാവശ്യമായ മുഴുവൻ സാധന സാമഗ്രികളും എത്തിക്കാൻ കഴിയൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പുനർനിർമ്മാണ പ്രവർത്തനത്തിന്റെ ആദ്യഘട്ടം എന്ന നിലയിൽ പ്രസ്തുത റോഡ് സഞ്ചാരയോഗ്യമാക്കുന്ന നടപടി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രസ്തുത റോഡ് ഏറ്റെടുത്ത് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 230 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചു വരികയാണ്.

(ബി) ഉണ്ട്.

(സി) പ്രസ്തുത റോഡ് ഏറ്റെടുത്തതിനുശേഷം ആവശ്യമായ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്ന മുറയ്ക്ക് പണി പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly